# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/EKM(p7)/1754/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/EKM(p7)/1754/23 തീയ്യതി: 08/12/2023

## എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വിജു എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സീമ സിബി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എം.വി അജയകുമാർ | സെക്രട്ടറി | 01-04-2022 | 06-04-2022 |
| ശ്രീമതി.സുജാത എം.യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-04-2022 | 06-05-2022 |
| ശ്രീ.എം.വി അജയകുമാർ | സെക്രട്ടറി | 07-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജാത എം.യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-12-2022 |
| ശ്രീമതി.സീമ എസ്.ബാവ | അസിസ്റ്റന്റ് സെക്രട്ടറി | 15-12-2022 | 31-03-2023 |
| ശ്രീമതി.നസിയ പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 20-07-2022 |
| ശ്രീമതി.ഖദീജ ബീവി കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 21-07-2022 | 25-09-2022 |
| ശ്രീമതി.സുമയ്യ സി.വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-09-2022 | 31-03-2023 |
| ശ്രീമതി.അമ്പിളി സദാനന്ദൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സുമീറ ഇബ്രാഹിം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അഭിലാഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിവിയ ലാൽജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സതി കെ.കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.റോബിൻ കെ.ജോസഫ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഹണി സി.എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 06-01-2023 |
| ഡോ.ഷിജ്ജ തോമസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07-01-2023 | 31-03-2023 |
| ശ്രീ.റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ.സുജിത്ത്് പി രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 16-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സിജി വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-12-2022 | 31-03-2023 |
| ശ്രീ.ജുനൈദ് റ്റി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-01-2023 |
| ശ്രീ.ജിതിൻ കെ മങ്ങാട്ട് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | സോഫ്റ്റ് വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനതു ഫണ്ട് സമാഹരണം-പൊതുഅവലോകനം | 1-11 |
| 20 | വസ്തുനികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് | 1-12 |
| 21 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-12-1 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-1 |
| 24 | വാടക- അപാകതകൾ | 1-14 |
| 25 | വെട്ടിയിട്ട മരങ്ങൾ ലേലം ചെയ്യാതെ നശിക്കുന്നു | 1-15 |
| 26 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 1-16 |
| 27 | സേവിംഗ്സ് അക്കൗണ്ടിന് പലിശ നാളിതുവരെയും ലഭിച്ചിട്ടില്ല-നടപടികൾ | 1-17 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 28 | ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം. | 1-18 |
| 29 | ജനസേവനകേന്ദ്രം വാടക നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-19 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-20 |
| 31 | ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നല്കൽ -രേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 32 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. | 1-22 |
| 33 | പട്ടികജാതി വിഭാഗത്തിന് ഗാർഹിക സൗരവിളക്ക് - വികസനഫണ്ട് അധികം നൽകി. | 1-23 |
| 34 | മുൻകൂർ യാത്രാപ്പടി - തുക ക്രമീകരിച്ചിട്ടില്ല | 1-24 |
| 35 | അതിദരിദ്രർക്ക് മൈക്രോപ്ലാൻ -ഭക്ഷണകിറ്റ് നൽകൽ-വിനിയോഗ രേഖകൾ കൃത്യമല്ല. | 1-25 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 37 | ഞാറ്റുവേലച്ചന്തയിൽ വിതരണം -തെങ്ങിൻതൈകളുടെ സബ്സിഡി തനത്ഫണ്ടിൽ നിന്നും നൽകി. | 1-27 |
| 38 | മുട്ടക്കോഴി വിതരണം-അപാകത | 1-28 |
| 39 | പൊതുടാപ്പുകളുടെ വെള്ളക്കരം- ഭീമമായ കുടിശ്ശിക തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-29 |
| 40 | കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നില്ല : - അങ്കൻവാടി കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റിയിട്ടില്ല | 1-30 |
| 41 | വനിത വ്യവസായ പരിശീലനകേന്ദ്രം- നിഷ്ക്രിയ ആസ്തിയായി പരിണമിക്കുന്നു | 1-31 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-32 |
| 43 | ഓഡിറ്റ് ഇംപാക്റ്റ് | 1-33 |
| ഭാഗം **2** | | |
| 1 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| ഭാഗം **3** | | |
| 1 | മുട്ടക്കോഴി വിതരണം-അപാകത | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 7.7.2023 ലെ 1( 1)നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 08.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി

നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ്ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-2 സോഫ്റ്റ് വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല.

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൗണ്ടിംങ്ങ് സോഫ്റ്റ്വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്വെയറുകളിലേയ്ക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-4 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം17(2) ൽ നിർദ്ദേശിക്കും പ്രകാരം അക്രു ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹21,45,543/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹59,54,921/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ട താണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും  പൊരുത്തപ്പെടുന്നില്ല.

1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ, ചട്ടം 58(4) (എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-8 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും പഞ്ചായത്ത് കമ്മിറ്റി 19.03.2022 ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പഞ്ചായത്ത് കമ്മിറ്റി 08.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1, തീയതി 25.03.2022) | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1, തീയതി 02.03.2023) |
|---|---|---|
| മുന്നിരുപ്പ് | ₹14,30,910 | ₹14,30,910 |
| വരവ് | ₹21,64,36,248 | ₹14,78,28,428 |
| ചെലവ് | ₹21,56,53,000 | ₹14,56,60,867 |
| നീക്കിയിരുപ്പ് | ₹22,14,158 | ₹35,98,471 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹12793246.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹ 27893132.00 |
| ആകെ | : | ₹ 40686378.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹ 30038675.00 |
| നീക്കിയിരുപ്പ് | : | ₹ 10647703.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,21,30,000 | 1,21,30,000 | 1,14,12,562 | | 717438 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3776000 | 3776000 | 3517337 | | 258663 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4695700 | 4695700 | 3097616 | | 1598084 |
| സംരക്ഷണ ഗ്രാന്റ് -(റോഡിതരം) | 0 | 4570,000 | 4570,000 | 2766068 | | 1803932 |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) | 35218 | 2006000+ Int 43522= 2049522 | 2084740 | 2006000 | 78740 | |
| ധനകാര്യ കമ്മീഷൻ അവാർഡ് Tied | 1461076 | 3009000 | 4470076 | 4210121 | 259955 | |
| അവാർഡ് 320100105 | - | 300000 | 300000 | 0 | 300000 | |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 320100149 | - | 500000 | 500000 | 0 | 500000 | |
| പകർച്ച | 100,000 | 0 | 100,000 | 0 | 100,000 | |

| | | | | | | |
|---|---|---|---|---|---|---|
| വ്യാധി ഗ്രാന്റ് 320100195 | | | | | | |
| ശുചിത്വ മിഷൻ 320100198 | 8442 | - | 8442 | 0 | 8442 | |
| ഐ.സി.ഡി.എസ് 320100196 | 302611 | 888864 | 1191475 | 924746 | 266729 | 0 |
| എസ്.എൽ.ഡബ്ല്യു.എം 320200304 | 177559 | - | 177559 | 177559 | | 0 |
| കേരളോത്സവം 320100199 | 20000 | -- | 20000 | 0 | 20000 | 0 |
| ഹെൽത്ത് ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനം 320100202 | | 236447+ Int3853= 240300 | 240300 | 59951 | 180349 | |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ് സെന്റർ 320100204 | | 110000+ Int 1898= 111898 | 111898 | | 111898 | |
| സ്ളോട്ടർ ഹൗസ് 320100199 | 98754 | - | 98754 | - | 98754 | |
| ടോട്ടൽ സാനിട്ടേഷൻ 320300103 | 1614327 | - | 1614327 | 706138 | 908189 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320200399 | 1115000 | 200000 | 1315000 | 50000 | 1265000 | |

1) വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത ₹3910977/- ഉൾപ്പെടുന്നുണ്ട്.
2)വികസന ഫണ്ട് - എസ്.സി.പിയിൽ വരവ് ഉത്ഭവത്തിൽ കുറവ് ചെയ്ത ₹964026/- ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 62139411 | 94 | 36051566 | 0 | 66 | 58.75 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3907.00 | 429457.00 | 433364.00 | 426327.00 | 7,037.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 20561573.00 | 20561573.00 | 20561573.00 | - |
| ആകെ | 3907.00 | 20991030.00 | 20994937.00 | 20,987,900.00 | 7,037.00 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹2,214,400.00 | 174 |
| വിധവാപെൻഷൻ | ₹6,334,600.00 | 522 |
| വാർദ്ധക്യകാല പെൻഷൻ | ₹17,110,600.00 | 1357 |
| വികലാംഗപെൻഷൻ | ₹3,017,400.00 | 224 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹454,400.00 | 41 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹60,000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2023 തീയതിയിൽ 3.00 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 31926 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-09-2021 | 02/2021 മുതൽ 08/2021 വരെ | കിട്ടിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2008 | 1997-98 മുതൽ 2007-08 വരെ | 12.06.2008 |

## 1-11 തനതു ഫണ്ട് സമാഹരണം-പൊതുഅവലോകനം

തനതു ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1) ഗ്രാമപഞ്ചായത്തിലെ പോസ്റ്റ് ഓഫീസിന് നിലവിലും ₹53/- പ്രതിമാസ വാടകയാണ് ഈടാക്കുന്നത്. ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷത്തെ വാടകയിനത്തിൽ ₹153989/- യും മുൻവർഷങ്ങളിൽ വാടകകുടിശ്ശികയിനത്തിൽ ₹137185/-യും ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതിയിനത്തിൽ ഈടാക്കുവാനുള്ള ₹20150/-യും ജീവനക്കാരുടെ തൊഴിൽനികുതിയും യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3) വസ്തുനികുതിയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയും മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക നം.1-12,

1-12-1 എന്നിവയിൽ ചേർത്തിട്ടുണ്ട്.

4) ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി, മാവ് മറ്റ് പാഴ് മരങ്ങളുമായി ബന്ധപ്പെട്ട ലേലം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനമായിട്ടുണ്ടെങ്കിലും ലേലനടപടികൾ നാളിതു വരെയും നടപ്പാക്കിയിട്ടില്ല. മുറിച്ചിട്ട മരങ്ങൾ (പ്ലാവ്) യഥാസമയം ലേലം ചെയ്ത് വിൽക്കാതെ നശിച്ചുപോകുന്നതിനാൽ സാമ്പത്തികനഷ്ടം സംഭവിക്കുന്നു. ലേല നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് തുക തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട്അക്കൗണ്ട് പാസ്സ് ബുക്ക് പരിശോധിച്ചതിൽനിന്നും കേരള ബാങ്ക് (അക്കൗണ്ട് നം.02828100000001) പൈങ്ങോട്ടൂർ ബ്രാഞ്ചിലുള്ള പ്രസ്തുത അക്കൗണ്ടിന് നാളിതുവരെ നിയമാനുസൃത നിരക്കിലുള്ള പലിശ ലഭിച്ചിട്ടില്ല എന്നു കാണുന്നു. പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത് 10.8.1989 ലാണ്. വർഷങ്ങളായി പലിശയിനത്തിൽ ലഭിക്കുവാനുള്ള തുക ബാങ്കിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) പെർമിറ്റ് ഫീസിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനതുഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് മുകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ്

വസ്തു നികുതി രജിസ്റ്റർ പ്രകാരം എം.ഡി ബ്രാഹ്മിൻസ് ഫുഡ് ഇൻഡ്യ പ്രൈ. ലിമിറ്റഡ്, ചാത്തമറ്റം ഉടമസ്ഥതയിലുള്ള 5/144 B- നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 310.75 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടി സ്ഥാപനത്തിന് 146/2022-23 -ാം നമ്പർ ലൈസൻസ് പ്രകാരം ടി സ്ഥാപനത്തിന് ഭക്ഷ്യ വസ്തുക്കൾ, അരിപ്പൊടി, മസാലകൾ, പാക്ക് ചെയ്ത് വിൽപ്പന എന്ന ഉപയോഗത്തിനായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ടി സ്ഥാപനത്തിന് 100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് ₹60/- നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയപ്രകാരം ടി സ്ഥാപനത്തിന് ഇതരവ്യവസായ ആവശ്യയത്തിനുള്ളവ ഗണത്തിൽ ഉൾപ്പെടുത്തി 2017 മുതൽ ചതുരശ്രമീറ്ററിന് ₹50/- നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് ₹60/- നിരക്കിൽ) (20% ഇളവ്, 35% വർദ്ധനവ് ലൈബ്രറി സെസ്-5% ഉൾപ്പെടെ) | ഈടാക്കിയ വസ്തുനികുതി (ച.മീറ്ററിന് ₹50/- നിരക്കിൽ) (20%ഇളവ്, 35%വർദ്ധനവ്, ലൈബ്രറി സെസ്-5% ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 5/144B | 310.75(ച.മീ) | 310.75*60= ₹18645/-<br>18645-3729+6526=₹21442<br>21442+1072=₹22514 | 310.75*50=₹15538/-<br>15538-3108+5438=₹17868/-<br>17868+893=₹18761/- | ₹3753/- |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18.11.2023) മറുപടി ലഭ്യമായിട്ടില്ല. കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം 6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ 2013 മുതലുള്ള വസ്തു നികുതി കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം (1) | മൊബൈൽ ടവറിന്റെ പേര് /കെട്ടിട നമ്പർ (2) | വാർഷിക വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി, കാലയളവ് / തുക |
|---|---|---|---|
| 1 | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, 2/703 | ₹12404 | ₹124040/-(2013ഫസ്റ്റ് Half-2022 2nd Half) |

| | | | |
|---|---|---|---|
| 2 | ദി മാനേജർ, ബി.എസ്.എൻ.എൽ ടവർ, 4/367 A | ₹15160 | ₹151600/-(2013 ഫസ്റ്റ് Half-2022 2nd Half ) |
| 3 | ദി മാനേജർ, ബി.എസ്.എൻ.എൽ ടവർ, 6/333b | ₹15160 | ₹151600/-(2013 ഫസ്റ്റ് Half-2022 2nd Half ) |
| 4 | ദി മാനേജർ റ്റി.വി.എസ് മൊബൈൽ ടവർ,7/141 | ₹8269 | ₹16538/-(2021 ഫസ്റ്റ് Half-2022 2nd Half) |
| | ₹ആകെ | | ₹443778/- |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/20.11.2023) മറുപടി ലഭ്യമായിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ടി ഇനത്തിൽ ബാലൻസ് തുകയായി ₹31250/- ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ഇവ ഏതേതു സ്ഥാപനങ്ങളുടേതാണെന്ന വിശദവിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17.11.2023) ലഭ്യമായിട്ടുള്ള മറുപടിയിൽ ₹31250/- കുടിശ്ശികയുള്ളതിൽ ₹11250/- വിവിധ സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിന് ശേഷം അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. ബാക്കി ഡിമാന്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡിമാന്റ് തുക (രണ്ട് അർദ്ധവർഷത്തേയും) (₹) |
|---|---|---|
| 1 | ARD N0.76, 4TH BLOCK | ₹2500 |
| 2 | ARD N0.51, ഞാറക്കാട് | ₹2500 |
| 3 | ARD N0.49, കടവൂർ | ₹2500 |
| 4 | ARD N0.53, ചാത്തമറ്റം | ₹2500 |
| 5 | ARD N0.90, കുളപ്പുറം | ₹2500 |
| 6 | ARD N0.50, പൈങ്ങോട്ടൂർ | ₹2500 |
| 7 | ARD N0.52, പൈങ്ങോട്ടൂർ | ₹2500 |
| 8 | ARD N0.78, ആയങ്കര | ₹2500 |
| | ₹ആകെ | ₹20000/- |

സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ട സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 രണ്ട് അർദ്ധവർഷത്തേയും തൊഴിൽ നികുതി ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂര്യ ഫ്യൂവൽസ് | 74/22-23 | 4 |
| 2 | സെന്റ് തോമസ് ഇന്റസ്ട്രീസ്, പനങ്കര | 96/22-23 | 3 |
| 3 | എം.എൻ.എ | 98/22-23 | 3 |

| | | | |
|---|---|---|---|
| | ഫ്യൂവൽസ്.കടവൂർ | | |
| 4 | പൈങ്ങോട്ടൂർ ഹോസ്പിറ്റൽ | 100/22-23 | 6 |
| 5 | ജനമൈത്രി പോളി ക്ലിനിക് | 126/22-23 | 3 |
| 6 | ജോ ഫുഡ് പ്രോഡക്ട്സ് | 129/22-23 | 6 |
| 7 | ബിജു ജേക്കബ്, ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്, വിൽപ്പനയും | 138/22-23 | 5 |
| 8 | ചെറിയാൻ കെ. ജോസ് പാറ ഖനനം | 148/22-23 | 8 |
| 9 | മരിയൻ സ്റ്റിച്ചിംഗ് സെന്റർ | 154/22-23 | 3 |
| 10 | മാതാ ഹോട്ടൽ | 159/22-23 | 4 |
| 11 | ഹിന്ദുസ്ഥാൻ പെട്രോളിയം | 168/22-23 | 6 |
| 12 | ബെറ്റി ഷാജി, റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മാണം | 175/22-23 | 4 |
| 13 | ഷാജി.വി. ജെ, ഫർണ്ണീച്ചർ നിർമ്മാണം | 176/22-23 | 4 |
| 14 | കോതമംഗലം റേഞ്ച് ഗ്രൂപ്പ് നമ്പർ -9 | ------- | 16 (രണ്ടാം അർദ്ധവർഷത്തെ ഈടാക്കിയിട്ടുണ്ട്) |

കടവൂർ സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരന്റെ 2022-23 രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയതിൽ ₹950/- യുടെ കുറവുണ്ട്. വിശദാംശങ്ങൾ ഭാഗം 2 ൽ ചേർത്തിട്ടുണ്ട്.

1-14 വാടക- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും തൻവർഷത്തെ വാടകയിനത്തിൽ ₹153989/-യും മുൻവർഷങ്ങളിൽ വാടകകുടിശ്ശികയിനത്തിൽ ₹137185/-യും ബാലൻസ് തുക ലഭിക്കുവാനുണ്ട്. ടി തുകകൾ ഏതേതു കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ലഭിക്കുവാനുള്ളതെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നില്ല. കൂടാതെ വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതിതയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ പോസ്റ്റ് ഓഫീസ് (കെട്ടിട നം.2/276 ) ന്റെ പ്രതിമാസ വാടക ₹53/-യാണ് നിലവിലും ഈടാക്കിക്കൊണ്ടിരിക്കുന്നത് എന്ന് കണ്ടു. ടി കെട്ടിടത്തിന്റെ പ്രതിമാസ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.

കെട്ടിടത്തിന്റെ (2022-23 സാമ്പത്തിക വർഷത്തിലെ) കറന്റ് ചാർജ്, വാട്ടർ ചാർജ് ഇനത്തിലുള്ള ചെലവുകൾ എന്നിവയുമായി ബന്ധപ്പെട്ട ലെഡ്ജറുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.6/17.11.2023, 25/20.11.2023) മറുപടി ലഭ്യമായിട്ടില്ല. പോസ്റ്റ് ഓഫീസ് കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടക ഈടാക്കാത്ത കെട്ടിടങ്ങളുടെ വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 വെട്ടിയിട്ട മരങ്ങൾ ലേലം ചെയ്യാതെ നശിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന രണ്ട് പ്ലാവുകൾ വെട്ടിമാറ്റിയിട്ടുണ്ട്. വെട്ടിയ തടികൾ ലേലം ചെയ്യുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാതെ തൊട്ടടുത്തുള്ള പള്ളിയുടെ കോമ്പൗണ്ടിൽ ഇട്ടിരിക്കുകയാണ്. പ്ലാവിന്റെ 6 തടികഷ്ണങ്ങൾക്ക് ₹22,590/-യും വിറകിന് ₹1470/-യും വിലനിർണ്ണയം നടത്തിയിട്ടുണ്ട്. ഇവ ലേലം ചെയ്യുന്നതിന് 17.10.2022 ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ തീരുമാനമായിട്ടുണ്ട്. എന്നാൽ നാളിതുവരെ ലേലം നടന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17.11.2023) മറുപടി ലഭ്യമായിട്ടില്ല.



പള്ളിയുടെ കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ

ഒരു വർഷത്തിലധികമായി മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ മഴ നനഞ്ഞ് നശിച്ച് പോകാതെ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-16 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് നം.A4-BA(218815)/2022 തീയതി 01.07.2022 പ്രകാരം പെട്രോൾ പമ്പ് പെർമിറ്റിനായി അപേക്ഷിച്ച ശ്രീകാന്ത് എ.കെ എന്ന വ്യക്തിയിൽ നിന്നും പെട്രോൾ പമ്പ് പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. വിശദവിവരം ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-17 സേവിംഗ്സ് അക്കൗണ്ടിന് പലിശ നാളിതുവരെയും ലഭിച്ചിട്ടില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് അക്കൗണ്ട് പാസ്സ് ബുക്ക് പരിശോധിച്ചതിൽനിന്നും കേരളബാങ്ക് (അക്കൗണ്ട് നം.02828100000001) പൈങ്ങോട്ടൂർ ബ്രാഞ്ചിലുള്ള പ്രസ്തുത അക്കൗണ്ടിന് നാളിതുവരെ നിയമാനുസൃത നിരക്കിലുള്ള പലിശ ലഭിച്ചിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത് 10.08.1989-ലാണ്. ലഭ്യമായ പാസ് ബുക്കുകളുടെ അടിസ്ഥാനത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടിലുണ്ടായിരുന്ന നീക്കിയിരുപ്പ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | നീക്കിയിരുപ്പ് തുക(₹) |
|---|---|
| 14.1.2021 | 1312328.89 |

| | |
|---|---|
| 14.1.2021-1.3.2021 | 3989195.39 |
| 1.4.21-30.9.21 | 569831.39 |
| 1.10.2021-31.3.2022 | 3052053.39 |
| 1.4.2022-30.9.2022 | 349042.39 |
| 1.10.2022 – 31.3.2023 | 1862669.39 |
| 1.4.23-15.11.2023 | 420323.39 |

ഫയൽ പരിശോധിച്ചതിൽ നിന്നും പലിശ ഇനത്തിലുള്ള തുക ലഭിക്കുന്നതിന് നം.എ2-2345/2023 തീയതി 04.11.23 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള ബാങ്ക് മാനേജർക്ക് കത്തയച്ചിട്ടുണ്ട്. എന്നിട്ടും നാളിതുവരെയും പലിശയിനത്തിൽ ലഭിക്കുവാനുള്ള തുക ലഭിച്ചിട്ടില്ല.

വർഷങ്ങളായി പലിശയിനത്തിൽ ലഭിക്കുവാനുള്ള തുക ബാങ്കിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ പൈങ്ങോട്ടൂർ ശാഖയിൽ അക്കൗണ്ട് (അക്കൗണ്ട് നം.38655113666) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹36,116/- നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഇതുൾപ്പടെ ₹57,919/- നിലവിൽ ഈ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. ഈ അക്കൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുന്നുമില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്നത് സാമ്പത്തിക വർഷാവസാന മാസങ്ങളിലാണ്. ഈ കാലയളവിൽ ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമാകുന്ന സ്ഥിതിയുണ്ട്. ഈ സാമ്പത്തിക വർഷം ഒരു പ്രാവശ്യം പോലും തനത് ഫണ്ടിലേക്ക് തുക മാറ്റിയിട്ടില്ല. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് വിവിധ ബാങ്ക് ചാർജ്ജുകൾ നൽകേണ്ടതില്ല. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ഇതേയിനം അക്കൗണ്ടുകളിൽ നിന്നും ഈടാക്കിയ ഫീസുകളും ചാർജ്ജുകളും അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയതിനെത്തുടർന്ന് ബാങ്ക് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും മിനിമം ബാലൻസ്, അക്കൗണ്ട് കീപ്പിംഗ് എന്നീയിനങ്ങളിൽ ബാങ്ക് ചാർജ്ജ് ഈടാക്കി വരുന്നുണ്ട്. ഈടാക്കിയ തുകകൾ നാളിതുവരെ ബാങ്ക് തിരികെ നൽകിയിട്ടില്ല. ഈടാക്കിയ ഫീസ് തിരികെ നൽകണമെന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയതിന്റെ രേഖകളും ലഭ്യമായിട്ടില്ല. ഈടാക്കിയ ചാർജ്ജുകളുടെ വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

| തീയതി | ഇനം | ഈടാക്കിയ തുക |
|---|---|---|
| 20/11/2022 | അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ് | ₹649/- |
| 21/11/2022 | മിനിമം ബാലൻസ് ചാർജ്ജ് | ₹5456/- |
| 24/12/2022 | മിനിമം ബാലൻസ് ചാർജ്ജ് | ₹2214/- |
| 31/12/2022 | മിനിമം ബാലൻസ് ചാർജ്ജ് | ₹590/- |
| 12/02/2023 | അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ് | ₹649/- |
| | ആകെ | ₹9558/- |

കൂടാതെ പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ മാത്രമെ നടത്താവൂ എന്നിരിക്കെ അതിന് വിരുദ്ധമായി വ്യക്തിഗത അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുള്ളതായും കാഷായി തുക

പിൻവലിച്ചതായും കണ്ടെത്തിയിട്ടുണ്ട്. (Rs.5112/-debited On 31/03/2023). ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറാത്തതിനും സർക്കാർ നിർദ്ദേശപ്രകാരം തുടങ്ങിയ അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയ ചാർജ്ജുകൾ തിരികെ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് വരുമാനം ഉറപ്പാക്കുംവിധം യഥാസമയം ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിലേക്ക് കൈമാറുന്നതിനും ഇതിനകം ഈടാക്കിയ ബാങ്ക് ചാർജ്ജുകൾ തിരികെ ലഭ്യമാക്കുന്നതിനും മറ്റു ഇടപാടുകൾ ഈ അക്കൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 ജനസേവനകേന്ദ്രം വാടക നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 2022 നവംബർ മാസത്തെ (വൗച്ചർ 22200578 തീയതി.29/12/2022) വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ ജനസേവനകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2021 ജൂൺ മുതൽ 2022 സെപ്റ്റംബർ വരെയുള്ള 16 മാസത്തെ വാടകയായി പ്രതിമാസം ₹600/- നിരക്കിൽ ₹9,600/- (ചെക്ക് നമ്പർ 423860 തീയതി.10/11/2022) നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05/09/2022 ലെ 13(1) നമ്പർ തീരുമാനപ്രകാരമാണ് വാടക, കെട്ടിട ഉടമയായ ശ്രീ.സാബു മത്തായിക്ക് നൽകിയിട്ടുള്ളത്. ജനസേവനകേന്ദ്രം പോലെ സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന സ്വാകാര്യസംരംഭത്തിന്റെ കെട്ടിടവാടക ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവോ നിർദ്ദേശമോ ഉണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07 തീയതി.17/11/2023) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ജനസേവനകേന്ദ്രത്തിന്റെ വാടക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 115/23, ക്ലോക്ലിയർ സർജറി കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ റിപ്പയറിംങ് തുക. |
| ബിൽ നം, തീയതി തുക | 2212085209790122110,21.02.23, ₹50000/- |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) ₹50000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |

1) മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് വേണ്ടി വികസന ഫണ്ടിൽ നിന്ന് ₹50000/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരത്തിന്റെ അക്കൗണ്ട് നം.70101140000134 ലേക്ക് നല്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

2) സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് നല്കിയ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് ഗുണഭോക്താവായ മാസ്റ്റർ ഡിനോ ദിലീഷ്, തോട്ടുങ്കര എന്ന കുട്ടിക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 17.11.2023 ൽ നല്കിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി സോഷ്യൽ സെക്യൂരിറ്റി

മിഷനിലേക്ക് കത്ത് നല്കിയിട്ടുണ്ടെന്ന മറുപടിയും, ₹50000/- സോഷ്യൽ സെക്യൂരിറ്റി മിഷന് ലഭിച്ചതിന്റെ കൈപ്പറ്റ് രസീതും പരിശോധനയ്ക്കായി ഹാജരാക്കി. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹50000/- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നല്കൽ -രേഖകൾ ഹാജരാക്കിയില്ല.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 62/23 | | |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ആവശ്യകത നിർണ്ണയ ക്യാമ്പും ഉപകരണങ്ങൾ വാങ്ങി നല്കലും. | | |
| അടങ്കൽ ,ഫണ്ട് | ₹150000/- വികസന ഫണ്ട് (എസ്.സി.പി) ₹100000/- (തനത് ഫണ്ട്) ആകെ ₹250000 | | |
| ചെലവ് വിവരം | ബിൽ നം | തീയതി | തുക |
| | 22120852097900863691 | 05.12.2022 | ₹660 |
| | 22120852097901256134 | 21.02.23 | ₹149340 |
| | ചെക്ക് നം 424540 | 31.03.23 | ₹4682 |
| | ആകെ | | ₹154682 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | | |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നല്കൽ എന്ന പ്രോജക്ട് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ദി കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡ്, പൂജപ്പുര എന്ന സ്ഥാപനത്തിൽ നിന്ന് സഹായ ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്.പ്രോജക്ട് നിർവ്വഹണം സംബന്ധിച്ചുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു

1) ഉപകരണങ്ങളുടെ ഗ്യാരന്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2) നിർവ്വഹണോദ്യോഗസ്ഥൻ ഉപകരണങ്ങൾ വാങ്ങിയ ദി കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 17.11.2023 ൽ നല്കിയ 13 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ദി കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ഫോൺ മുഖാന്തരം ബന്ധപ്പെട്ടാൽ അയതിന് നടപടി സ്വീകരിക്കാമെന്ന പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങളുടെ ഗ്യാരന്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി വെയ്ക്കാതിരുന്നതെന്നും, ടി സ്ഥാപനം ഗവൺമെന്റ് ഏജൻസിയായതിനാലാണ് കരാറിൽ ഏർപ്പെടാതിരുന്നതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ 2013 ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.61 ൽ “ In The Case Of Purchase Costing Above ₹100000/-, The Purchasing Officer Shall Forward A Draft Agreement To The Firms Along With A Supply Order Directing Them That The Consignment Need Be Sent Only After Execution Of Agreements. If Any Firm Despatch The Goods Before The Execution Of The Agreement, They Should Be Held Liable For The Demurrage Charges, If Any” എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ GeM മുഖാന്തരം വാങ്ങൽ നടത്തുമ്പോൾ കരാർ ആവശ്യമില്ല. ആയതിനാൽ ഇത്തരത്തിലുള്ള പ്രോജക്ട് ഏറ്റെടുക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണ്. കൂടാതെ ഉപകരണങ്ങളുടെ ഗ്യാരണ്ടി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

1-22 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റേതായ പല റോഡുകളും ജൽജീവൻ മിഷൻ പദ്ധതി

നടപ്പാക്കുന്നതിനായി പൊളിച്ചിട്ടിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ടാർ റോഡുകളും കോൺക്രീറ്റ് റോഡുകളും ഇതിലുൾപ്പെട്ടിട്ടുണ്ട്. എന്നാൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്ന വാട്ടർ അതോറിറ്റിയോ പദ്ധതിയുടെ കരാറുകാരോ നിലവിലെ റോഡുകൾ പൊളിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുകയോ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഇതിന് അനുവാദം നൽകുകയോ റോഡ് റീസ്റ്റോറേഷനുള്ള ചാർജ്ജ് ഈടാക്കുകയോ ചെയ്തതിന്റെ വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം റോഡുകൾ എത്ര ദൂരത്തിലും വീതിയിലുമാണ് കട്ട് ചെയ്യേണ്ടത് എന്ന വിവരം പോലും വാട്ടർ അതോറിറ്റിയോ കരാറുകാരോ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്ത് പല വർഷങ്ങളിലെ വികസനഫണ്ട്, മറ്റ് ഗ്രാന്റുകൾ, തനത് ഫണ്ട്, സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടുകൾ എന്നിവയെല്ലാം ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെയും റീസ്റ്റൊറേഷൻ ചാർജ്ജ് നൽകാതെയും റോഡ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളൊന്നും ബാധകമാക്കാതെയും നിശ്ചിത കരാറില്ലാതെയും പൊളിക്കുന്നത് പിന്നീട് ഗ്രാമപഞ്ചായത്തിന് വലിയ തോതിൽ അധിക സാമ്പത്തിക ബാധ്യത വരുത്തുന്നതിന് ഇടയാക്കുന്ന സാഹചര്യമുണ്ട്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ.22 തീയതി.20/11/2023) നൽകിയിരുന്നുവെങ്കിലും രേഖകളോ മറുപടിയോ ഹാജരാക്കിയില്ല. പൊളിക്കുന്ന റോഡ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 പട്ടികജാതി വിഭാഗത്തിന് ഗാർഹിക സൗരവിളക്ക് - വികസനഫണ്ട് അധികം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നം | 115/23 |
| അടങ്കൽ | ₹1,36,000/- (വികസനഫണ്ട് ജനറൽ, ₹1,00,000/- ഗുണഭോക്തൃവിഹിതം ₹34,000/-, തനത് ഫണ്ട് ₹2000/-) |
| ചെലവ് | ₹1,32,620/- (വികസനഫണ്ട് ജനറൽ ₹1,00,000/-, ഗുണഭോക്തൃവിഹിതം ₹32,620/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിന് ഗാർഹിക സൗരവിളക്ക് എന്ന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം ₹1,32,620/- ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി മാർഗ്ഗരേഖപ്രകാരം (സർക്കാർ ഉത്തരവ് (കൈ) 115/2022/തദ്ദേശസ്വയംഭരണവകുപ്പ് തിയതി 28/05/2022) പട്ടികജാതി വിഭാഗത്തിൽ ഈയിനത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 75% മാണ്. പ്രോജക്ടിൽ അനെർട്ടിൽ നിന്നും ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് സബ്സിഡിയും ഗുണഭോക്തൃവിഹിതവും നിശ്ചയിച്ചിട്ടുള്ളത്. പ്രോജക്ടിൽ വിതരണം ചെയ്യാനുള്ള 38 സൗരവിളക്കുകൾക്ക് ₹1,32,620/- യാണ് അനെർട്ട് ആവശ്യപ്പെട്ടത്. ഇത് പ്രകാരം ₹99,465/-യാണ് പരമാവധി സബ്സിഡി നൽകാവുന്നത്. ബാക്കി ₹33,155/- ഗുണഭോക്തൃവിഹിതമാണ് നൽകേണ്ടത്. എന്നാൽ സബ്സിഡിയുടെ ഈ പരിധി പരിഗണിക്കാതെ വികസനഫണ്ടിൽ (ജനറൽ) നിന്നും ₹1,00,000/- പിൻവലിച്ച് അനെർട്ടിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-18 തീയതി. 19/11/2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി സബ്സിഡി നിരക്കുകളുടെ ഉയർന്ന പരിധി പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 മുൻകൂർ യാത്രാപ്പടി - തുക ക്രമീകരിച്ചിട്ടില്ല

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 2022 ഓഗസ്റ്റ് മാസത്തെ (വൗച്ചർ 22200475 തീയതി.03/08/2022) വൗച്ചർ പ്രകാരം ബഹു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ 04/08/2022 ൽ തിരുവനന്തപുരത്തേക്ക് നടത്തിയ യാത്രയുടെ മുൻകൂർ യാത്രാപ്പടിയായി ₹5000/- (ചെക്ക് നമ്പർ - 423799 തീയതി 03-08-2022) നൽകിയിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 53(e) പ്രകാരം മുൻകൂർ വാങ്ങുന്ന യാത്രാപ്പടി വാങ്ങുന്ന തിയതി മുതൽ മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. 2022 ഓഗസ്റ്റ്

മാസത്തെ മുൻകൂർ യാത്രാപ്പടി ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനും മേൽ അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10 തീയതി 17/11/2023) ലഭ്യമാക്കിയ മറുപടിയിൽ മുൻകൂർ യാത്രാപ്പടി ഇതുവരെ ക്രമീകരിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. യാത്രാപ്പടി എത്രയും വേഗം ക്രമീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-25 അതിദരിദ്രർക്ക് മൈക്രോപ്ലാൻ -ഭക്ഷണകിറ്റ് നൽകൽ-വിനിയോഗ രേഖകൾ കൃത്യമല്ല.

| | |
|---|---|
| പ്രോജക്ട് നം | 181/23 |
| അടങ്കൽ | ₹75,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹72625/- (വികസനഫണ്ട് ജനറൽ₹72,625/-)<br>TRN-22120800000020916 Dtd 18/03/23 ₹48352/-<br>22120800000021748 Dtd 25/03/23 ₹24273/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ-ഭക്ഷണവിതരണ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ₹72625/- ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 5 വർഷത്തിനുള്ളിൽ അതിദാരിദ്ര്യം തുടച്ച് നീക്കുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നം 146/2022 /എൽ.എസ്.ജി.ഡി/ തീയതി 08.07.2022 പ്രകാരം സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ സർവ്വേയിലൂടെ കണ്ടെത്തുകയും ഇത്തരം കുടുംബങ്ങളേയും വ്യക്തികളേയും അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുകയുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ തരം തിരിച്ച് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനാണ് മാർഗ്ഗരേഖ നിർദ്ദേശിക്കുന്നത്. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളിൽ ഇത്തരം കുടുംബങ്ങൾക്ക് ഭക്ഷണം, ചികിത്സ എന്നിവ ലഭ്യമാക്കലും റേഷൻകാർഡ്, ആധാർ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് പോലുള്ളവ ലഭ്യമാക്കലും ഉൾപ്പെടുന്നു. 2022-23 വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ അതിദാരിദ്രരായി കണ്ടെത്തിയ 39 ഗുണഭോക്താക്കൾക്ക് പ്രോജക്ട് പ്രകാരം 3 മാസത്തേക്ക് വിവിധയിനം ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടുന്ന ഭക്ഷ്യക്കിറ്റ് ത്രിവേണി സൂപ്പർമാർക്കറ്റ് മുഖേന വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിനൊപ്പം ഹാജരാക്കിയ വിതരണരേഖയിൽ ഈ 39 പേരുടേയും ഭക്ഷ്യകിറ്റുകൾ ആകെ മൂന്നു നാലുപേർ കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കിറ്റ് കൈപ്പറ്റിയവരുടെ വിശദാംശങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അതിദരിദ്രവിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഇവ ലഭിച്ചതായ രേഖകളൊന്നും ലഭ്യമായിട്ടുമില്ല.

കൂടാതെ മാർഗ്ഗരേഖയിൽ 3 മാസം മുതൽ 2 വർഷം വരെയുള്ള കാലയളവിലായി (ഹ്രസ്വകാലം) ആരോഗ്യവുമായി ബന്ധപ്പെട്ട് നടത്തേണ്ട കാര്യങ്ങൾ, വാസസ്ഥലം ഒരുക്കൽ, മാനസിക വെല്ലുവിളികൾ ഉള്ളവരുടെ പുനരധിവാസവും ചികിത്സയും എന്നിവയോ ദീർഘകാല പദ്ധതികളായ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് തുടർപഠന സാഹചര്യമൊരുക്കൽ, ലൈഫ് ഭവനപദ്ധതി, ഭൂരഹിതർക്ക് ഭവനം, സ്പോൺസർഷിപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള മാനസികാരോഗ്യ ചികിത്സയ്ക്ക് ശേഷമുള്ള പുനരധിവാസം, നൈപുണ്യപരിശീലനം നല്കൽ എന്നിങ്ങനെയുള്ള പദ്ധതികളോ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-22 തീയതി 20/11/23) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ഭക്ഷ്യകിറ്റിന്റെ കൃത്യമായ വിതരണവിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച മറ്റിനം പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ ധനസഹായമായി ജില്ലാ പഞ്ചായത്തിന്, പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് | കാരുണ്യ സ്പർശം<br>ഡയാലിസിസ് രോഗികൾക്ക്<br>ചികിത്സാ സഹായം തുക കൈമാറൽ |
| പ്രൊജക്ട് നം. | S/166/23, |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തീയതി | 389 /30.3.2023 |
| തുക | ₹11000/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 11000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

1-27 ഞാറ്റുവേലച്ചന്തയിൽ വിതരണം -തെങ്ങിൻതൈകളുടെ സബ്സിഡി തനത്ഫണ്ടിൽ നിന്നും നൽകി.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 2022 ഓഗസ്റ്റ് മാസത്തെ (വൗച്ചർ നം.22200255, തീയതി.23/08/2022) വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്ത് കൃഷി ഭവനിൽ 30/06/2021ൽ നടത്തിയ ഞാറ്റുവേലച്ചന്തയിൽ തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ നൽകുന്നതിന് ചെലവായ തുകയായി ഹരിതം ക്ലസ്റ്റർ എക്കോഷോപ്പ് എന്ന സ്ഥാപനത്തിന് ₹5000/- (ADCB ചെക്ക് നമ്പർ 424002 തീയതി. 11/08/2022) നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/01/2022 ലെ 1(9) നമ്പർ തീരുമാനപ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴചേർക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

1) കർഷകർക്ക് ഞാറ്റുവേലച്ചന്തയിൽ തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കുകയോ തുക വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങുകയോ നിർവ്വഹണ ഉദ്യോഗസ്ഥനായി കൃഷി ഓഫീസറെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല.

2) വൗച്ചറിനൊപ്പം ഹാജരാക്കിയ ബിൽ പ്രകാരം 110 തെങ്ങിൻ തൈകൾക്ക് ₹100/- വീതം ₹11,000/- ചെലവഴിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിനായി തിരഞ്ഞെടുത്തത് എപ്രകാരമെന്നോ ഇതിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെ ഇത്തരം ഒരു പദ്ധതി കൃഷി ഓഫീസ് വഴി നടപ്പിലാക്കുന്നതിനും തനത്ഫണ്ടിൽ നിന്നും ഇതിനായി തുക നൽകുന്നതിനും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവോ അനുവാദമോ ലഭിച്ചതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

4) പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 13 വാർഡിലേയും താമസക്കാരിൽ നിന്നും ആനുകൂല്യം നൽകിയ 110 പേരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നോ ഇതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിരുന്നോ എന്ന കാര്യങ്ങളും വ്യക്തമാക്കിയിട്ടില്ല.

5) ഹരിതം ക്ലസ്റ്റർ എക്കോഷോപ്പ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും ഇവരുടെ ബാങ്ക് പാസ്ബുക്ക് വിവരങ്ങളോ തുക കൈപ്പറ്റിയ വിവരങ്ങളോ ലഭ്യമായിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.09 തീയതി.17/11/2023) നൽകിയ മറുപടിയിൽ 30/06/2021 ൽ സംഘടിപ്പിച്ച ഞാറ്റുവേലച്ചന്തയിൽ പങ്കെടുത്തവർക്കാണ് ആനുകൂല്യം നൽകിയത് എന്നറിയിച്ചിട്ടുണ്ട്. 2020-21

സാമ്പത്തിക വർഷത്തെ ചെലവ് ഇത്രയും നാൾക്ക് ശേഷം 2022-23 സാമ്പത്തിക വർഷം നൽകിയത് എന്തുകൊണ്ടാണ് എന്നകാര്യത്തിലും ഓഡിറ്റ് എൻക്വയറി പ്രകാരമുള്ള മറ്റ് പരാമർശങ്ങൾക്കും ഗ്രാമപഞ്ചായത്ത് വിശദീകരണം നൽകിയിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവു തുക ₹ 5000/- തടസ്സപ്പെടുത്തുന്നു.

1-28 മുട്ടക്കോഴി വിതരണം-അപാകത

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | എസ്. 0095/23 | | |
| പ്രോജക്റ്റിന്റെ പേര് | സ്ത്രീകൾക്ക് മുട്ടക്കോഴി വിതരണം | | |
| അടങ്കൽ,ഫണ്ട് | ₹310000വികസന ഫണ്ട് (പൊതുവിഭാഗം)<br>₹155000 ഗുണഭോക്തൃവിഹിതം,<br>ആകെ.₹465000 | | |
| ചെലവ് വിവരം | ബിൽ | തീയതി | തുക |
| | 22120852003301356539 | 15.03.23 | ₹2000 |
| | 22120852003301046440 | 16.01.23 | ₹176800 |
| | 22120852003300897247 | 20.01.23 | ₹131200 |
| | ചെക്ക് നം424538 | 24.03.23 | ₹1000 |
| | ചെക്ക് നം424084 | 20.01.23 | ₹88400 |
| | ചെക്ക് നം423899 | 29.12.22 | ₹65600 |
| | ആകെ | | ₹465000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | | |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 45 മുതൽ 60 ദിവസം വരെ പ്രായമായ 5 മുട്ടക്കോഴികൾ വീതം വനിതകൾക്ക് (ജനറൽ) മേൽ പ്രോജക്റ്റ് പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. 775ഗുണഭോക്താക്കൾക്ക് 5 മുട്ടക്കോഴികൾ വീതം 3875 കോഴികൾ ₹120 നിരക്കിലാണ് വാങ്ങിയിട്ടുള്ളത്.

എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് നം 115/2022 ലെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 ൽ കോഴി വളർത്തൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ ഇതേ ഉത്തരവിലെ ഇതേ മാർഗ്ഗരേഖയിലെ ക്രമ നം 25 പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന് 100% സബ്സിഡി നിരക്കിൽ പ്രോജക്റ്റ് നടപ്പിലാക്കാമെന്നും നിഷ്കർഷിക്കുന്നുണ്ട്.

ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥ നപ്പിലാക്കിയ മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 പ്രകാരമുള്ള മേൽ പ്രോജക്റ്റിൽ ഗുണഭോക്താക്കളിൽ നിന്ന് 50% ഗുണഭോക്തൃവിഹിതം വാങ്ങിയായിരുന്നു നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ ആകെ ചെലവിന്റെ 33.3% തുകയായ ₹155000/- മാത്രമേ ഗുണഭോക്തൃവിഹിതമായി വാങ്ങിയിട്ടുള്ളൂ. എസ്.സി.പി, ടി.എസ്.പി എന്നീ വിഭാഗങ്ങൾക്കുള്ള പ്രോജക്റ്റ് അല്ലാതിരിക്കെ 16.7% ഗുണഭോക്തൃവിഹിതം കുറവായി വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കിയത് വഴി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് ₹77500 അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-29 പൊതുടാപ്പുകളുടെ വെള്ളക്കരം- ഭീമമായ കുടിശ്ശിക തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ വരുമാനം ഗണ്യമായ രീതിയിൽ വിനിയോഗിക്കപ്പെടേണ്ടി വരുന്ന ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 140 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 67527/- രൂപയാണ് പ്രതിമാസം പഞ്ചായത്ത് ജല അതോറിറ്റിയിൽ ഒടുക്കേണ്ട തുക. 2022- 23 സാമ്പത്തിക വർഷം തൻവർഷം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ₹700,000/- യാണ് പൊതുടാപ്പുകളുടെ വെള്ളക്കരം

ഇനത്തിൽ ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളത്. ജി.ഒ (ആർ.ടി) 2242/2011/തസ്വഭവ 28/09/11 ലെ ഉത്തരവുപ്രകാരം സംയുക്ത പരിശോധന പൂർത്തിയാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധന പൂർത്തിയാക്കുന്നതിനും നാളിതുവരെയുള്ള കുടിശ്ശിക ഒടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് നാളിതുവരെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-30 കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നില്ല : - അങ്കൻവാടി കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റിയിട്ടില്ല

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിലെ സെന്റർ നം 62 ന്റെ കോമ്പൗണ്ടിൽ കെട്ടിടത്തിനു മുകളിലേക്ക് അപകടാവസ്ഥയിൽ ഒരു മാവും ഒരു ആഞ്ഞിലിയും ചാഞ്ഞു നിൽക്കുന്നുണ്ട്. അങ്കൻ വാടി കെട്ടിടത്തിന്റെ അടിത്തറക്കും ചുറ്റുമതിലിനും കുറുകെ വേരിറങ്ങി മതിൽ തകർന്നുപോയിട്ടുള്ള നിലയിലുമാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 4.7.2022 തീയതിയിലെ അജണ്ട 6, തീരുമാനം നം. 5 പ്രകാരം കമ്മറ്റി ചർച്ച ചെയ്ത് മരങ്ങൾ അടിയന്തിരമായി വെട്ടി മാറ്റുന്നതിന് തീരുമാനിച്ചു. എന്നാൽ കമ്മിറ്റി തീരുമാനമെടുത്ത് 17 മാസങ്ങൾക്ക ശേഷവും തികച്ചും അപകടാവസ്ഥയിൽ നിൽക്കുന്ന പ്രസ്തുത മരങ്ങൾ വെട്ടിമാറ്റിയിട്ടില്ലായെന്നുള്ളത് തികച്ചും ആശങ്കാജനകമാണ്. 3 വയസ്സിനും 5 വയസ്സിനും ഇടയിൽ പ്രായമുള്ള 13 കൊച്ചുകുട്ടികളാണ് ഇവിടെ പഠിക്കുന്നതെന്നുള്ളത് അപകടാവസ്ഥയുടെ ആക്കം കൂട്ടുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/17.11.2023) മറുപടി ലഭ്യമായിട്ടില്ല.



അങ്കൻ വാടി കെട്ടിടത്തിനുമുകളിലേയ്ക്ക് ചാഞ്ഞുകിടക്കുന്ന മരങ്ങൾ

കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ യഥാസമയംനടപ്പിലാകുന്നുണ്ടോയെന്നുകൂടി കമ്മിറ്റി കാലാകാലങ്ങളിൽ പരിശോധിക്കേണ്ടതിന്റെ ആവശ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ജീവന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികൾ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-31 വനിത വ്യവസായ പരിശീലനകേന്ദ്രം- നിഷ്ക്രിയ ആസ്തിയായി പരിണമിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകൾ നിലയിൽ 2019-20 ൽ വനിത വ്യവസായ പരിശീലനകേന്ദ്രം നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. 2015-16 മുതൽ പ്രസ്തുത കെട്ടിടത്തിനു വേണ്ടി ₹9,95,556/- ചെലവഴിച്ചിട്ടുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2015-16 | വനിത വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം 105/16 | അസി എഞ്ചിനീയർ | 400000 |
| 2 | 2017-18 | വനിത വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം 126/18 | അസി എഞ്ചിനീയർ | 241738 |
| 3 | 2019-20 | വനിത വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം പൂർത്തിയാക്കൽ 100/20 | അസി എഞ്ചിനീയർ | 189707 |
| 4 | 2020-21 | വനിത വ്യവസായ പരിശീലന കേന്ദ്രം ടോയ്‌ലറ്റ് അറ്റകുറ്റപ്പണി 83/21 | അസി എഞ്ചിനീയർ | 79390 |
| 5 | 2021-23 | വനിത വ്യവസായ പരിശീലന കേന്ദ്രംകുടിവെള്ളം ലഭ്യമാക്കൽ 44/23 | സെക്രട്ടറി | 84721 |
| | | ആകെ | | 995556 |

പൈങ്ങോട്ടൂർ ടൗണിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിൽ നിർമ്മിച്ചിട്ടുള്ള 5 ഷട്ടർ മുറികളിലാണ് വനിത വ്യവസായ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നത്. പണി പൂർത്തീകരിച്ച് 4 വർഷം കഴിഞ്ഞിട്ടും നാളിതുവരെ ഒരാവശ്യത്തിനും കെട്ടിടം ഉപയോഗിച്ചിട്ടില്ല. കെട്ടിടം ശരിയായി സംരക്ഷിക്കാതെ ടെറസിൽ കാടുപിടിച്ച് കിടക്കുന്നതായി പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുപയുക്തമാക്കേണ്ട പദ്ധതിപ്പണം ഉപയോഗിച്ച് ആസ്തികൾ നിർമ്മിച്ച് നിഷ് ക്രിയമാക്കി തീർക്കുന്നത് ഒട്ടും അഭിലഷണീയമല്ല. കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്



ഉപയോഗിക്കാതെ കിടക്കുന്ന വനിത വ്യവസായ പരിശീലന കേന്ദ്രം



വനിത വ്യവസായകേന്ദ്രം ടെറസിൽ കാടുകയറിയ നിലയിൽ

1-32 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

വാർഷിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് കെ എസ് ഇ ബിക്ക് ₹ 199899 അഡ്വാൻസായി നല്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത വ്യക്തമാകുന്നില്ല. പ്രസ്തുത തുകകൾ ഏതെല്ലാം പദ്ധതികൾക്കായി ഡെപ്പോസിററ് ചെയ്തതാണന്നും പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളതാണോയെന്നും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളതാണെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം 26/20.11.23 ന് മറുപടി നല്കിയിട്ടില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർവെക്കണമെന്ന് സർക്കുലർ നം 40308/ഡി പി/03/തസ്വഭവ തീയതി 21.08.2003 ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത്

വിവിധ പ്രവൃത്തികൾക്കായി തുക കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ.എസ്.ഇ.ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല.

നിർവ്വഹണ ഏജൻസി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-33 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്ത് വക ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം ജി.എസ്.ടി വരവിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ₹1406 രസീതു നമ്പർ 1230101358/G071101, തീ. 20.11.2023 പ്രകാരം ബന്ധപ്പെട്ട ഹെഡിൽ അടവാക്കി

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് നം.A4-BA(218815)/2022 തീയതി 1.7.2022 പ്രകാരം ശ്രീകാന്ത് എ. കെ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സർവേ നം. 878/7-1-3,878/7-2-2,878/7-3 കടവൂർ വില്ലേജിൽ ഉൾപ്പെടുന്ന 114.73 ആർ വിസ്തൃതിയുള്ള പ്ലോട്ടിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (പെട്രോൾപമ്പ്) അംഗീകൃത പ്ലാൻ പ്രകാരം ആകെ 580.81 ച.മീ വിസ്തീർണ്ണമാണുള്ളത്. ഇതിൽ 220.38 ച.മീ റസിഡൻഷ്യൽ ഏരിയ മുൻപേ നിലവിലുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 360.43 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഏരിയക്ക് പെർമിറ്റ് നൽകി ബാധകമായ ഫീസ് ഈടാക്കേണ്ടതിനു പകരം പ്രസ്തുത കെട്ടിടത്തിന്റെ 46.12 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ് 10/- രൂപ നിരക്കിൽ രസീത് നമ്പർ 1220100454/14.6.2022 പ്രകാരം 462/- രൂപ ഫീസ് ഈടാക്കിയിട്ടുള്ളത്. മേൽ കെട്ടിടത്തിന്റെ പെർമിറ്റ് ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ്എൻക്വയറിക്ക്(നം.31/21.11.2023) മറുപടി ലഭ്യമായിട്ടില്ല. പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്ന 3142/- (360.46*10-462) തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| സ്ഥാപനം | ജീവനക്കാരന്റെ പേര് / അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി (2022-23 രണ്ടാം അർദ്ധവർഷം) | ഈടാക്കിയ നികുതി (2022-23 രണ്ടാം അർദ്ധവർഷം) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| കടവൂർ സർവീസ് കോഓപ്പറേറീവ് ബാങ്ക് | തങ്കച്ചൻ എം.എ/₹377418 | 1250 | 300/- | 950/- |

മേൽ സ്ഥാപനത്തിലെ ജീവനക്കാരന്റെ തൊഴിൽ നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 16/18.11.2023) മറുപടി ലഭ്യമായിട്ടില്ല. തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മുട്ടക്കോഴി വിതരണം-അപാകത

| | | | |
|---|---|---|---|
| പ്രോജക്ട് നം | എസ്. 0095/23 | | |
| പ്രോജക്ടിന്റെ പേര് | സ്ത്രീകൾക്ക് മുട്ടക്കോഴി വിതരണം | | |
| അടങ്കൽ,ഫണ്ട് | ₹3,10,000/- വികസന ഫണ്ട് (പൊതുവിഭാഗം)<br>₹1,55,000/- ഗുണഭോക്തൃവിഹിതം,<br>ആകെ ₹4,65,000/- | | |
| ചെലവ് വിവരം | ബിൽ | തീയതി | തുക |
| | 22120852003301356539 | 15.03.23 | ₹2000 |
| | 22120852003301046440 | 16.01.23 | ₹176800 |
| | 22120852003300897247 | 20.01.23 | ₹131200 |
| | ചെക്ക് നം424538 | 24.03.23 | ₹1000 |
| | ചെക്ക് നം424084 | 20.01.23 | ₹88400 |
| | ചെക്ക് നം423899 | 29.12.22 | ₹65600 |
| | ആകെ | | ₹465000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | | |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 45 മുതൽ 60 ദിവസം വരെ പ്രായമായ 5 മുട്ടക്കോഴികൾ വീതം വനിതകൾക്ക് (ജനറൽ) മേൽ പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. 775 ഗുണഭോക്താക്കൾക്ക് 5 മുട്ടക്കോഴികൾ വീതം 3875 കോഴികൾ ₹120 നിരക്കിലാണ് വാങ്ങിയിട്ടുള്ളത്.

എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് നം 115/2022 ലെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 ൽ കോഴി വളർത്തൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ ഇതേ ഉത്തരവിലെ ഇതേ മാർഗ്ഗരേഖയിലെ ക്രമ നം 25 പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന് 100% സബ്സിഡി നിരക്കിൽ പ്രോജക്ട് നടപ്പിലാക്കാമെന്നും നിഷ്കർഷിക്കുന്നുണ്ട്.

ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥ നപ്പിലാക്കിയ മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 പ്രകാരമുള്ള മേൽ പ്രോജക്ടിൽ ഗുണഭോക്താക്കളിൽ നിന്ന് 50% ഗുണഭോക്തൃവിഹിതം വാങ്ങിയായിരുന്നു നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ ആകെ ചെലവിന്റെ 33.3% തുകയായ ₹1,55,000/- മാത്രമേ ഗുണഭോക്തൃവിഹിതമായി വാങ്ങിയിട്ടുള്ളൂ. എസ്.സി.പി, ടി.എസ്.പി എന്നീ വിഭാഗങ്ങൾക്കുള്ള പ്രോജക്ട് അല്ലാതിരിക്കെ 16.7% ഗുണഭോക്തൃവിഹിതം കുറവായി വാങ്ങി പ്രോജക്ട് നടപ്പിലാക്കിയത് വഴി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് ₹77500 അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 16.11.2023 ൽ നല്കിയ2ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 പ്രകാരമുള്ള പ്രോജക്ട് മട്ടുപ്പാവിലെ കോഴി വളർത്തലാണെന്നും ആയതിന് കൂട് ഉൾപ്പെടേ നല്കാമെന്നും ഒരു കൂടിന് യൂണിറ്റ് കോസ്റ്റ് ₹8500/- യാണ് നിശ്ചയിച്ചിട്ടുള്ളതെന്നും, നിലവിൽ നിർവ്വഹണോദ്യോഗസ്ഥ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ട് മാർഗ്ഗരേഖയിലെ ക്രമ നം 25 പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മാർഗ്ഗരേഖയിലെ ക്രമ നം 25 പ്രകാരമുള്ള അടുക്കള മുറ്റത്തെ കോഴി വളർത്തലിന് 100% സബ്സിഡി നിരക്കിലാണ് പ്രോജക്ട് നടപ്പിലാക്കേണ്ടത്. ആയതിന് ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്ന് വാങ്ങേണ്ടതില്ല. ആയത്കൊണ്ട്തന്നെ നിർവ്വഹണദ്യോഗസ്ഥയുടെ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും അധികം ചെലവഴിച്ച ₹77500/- ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2022-23 | 112440 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 151/23 | 112440 | 0 |
| 2 | | 2022-23 | 466880 | നെൽകൃഷി വികസനം118/23 | 466880 | ം |
| 3 | | 2022-23 | 52500 | ആട് വളർത്തൽ പദ്ധതി134/23 | 52500 | |
| 4 | | 2022-23 | 250,000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി152/23 | 250,000 | 0 |
| | | 2022-23 | 540,000 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 178/23 | 540.000 | |
| | | ആകെ | 1421820 | | 1421820 | |
| 1 | ബ്ളോക്ക് പഞ്ചായത്ത് | 2022-23 | 335920 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 151/23 | 335920 | 0 |
| 2 | | 2022-23 | 458407 | ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങൽ 180/23 | 458407 | 0 |
| 3 | | 2022-23 | 290,000 | ലൈഫ് ഭവനപദ്ധതി-ജനറൽ 21/23 | 290,000 | 0 |
| 5 | | 2022-23 | 425000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി152/23 | 425000 | 0 |
| | | ആകെ | 1509327 | | 1509327 | |

### 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നല്കിയിട്ടില്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ /വായ്പാതിരിച്ചടവ്

2022-23 സാമ്പത്തിക വർഷത്തിൽ വായ്പ ലഭിച്ചതിന്റെയും വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് നമ്പർ/ | വായ്പ | വർഷാരംഭ | തൻവർഷം | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|---|

| പേര് / ഉദ്ദേശ്യം | തീയതി | തുക | ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലഭിച്ച വായ്പ തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ -ലൈഫ് | ജി.ഒ(എം.എസ്) 68/018/ ത.സ്വഭ.വ. Dated-18.5.2018 | 5000000 | 36388966 | 160,000 | 4174203<br>1) പ്രോജക്ട് നം.188/23-1605088<br>2) പ്രോജക്ട് നം.70/23-1605089<br>3) പ്രോജക്ട് നം.171/23-482013<br>4) പ്രോജക്ട് നം.189/23-482013 | 0 | 32374763 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 27893132 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 30038675 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹4092 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹77500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹66000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹3142 | | എം. വി അജയകുമാർ<br>സെക്രട്ടറി |
| 2-2 | ₹950 | | എം. വി അജയകുമാർ<br>സെക്രട്ടറി |
| 3-1 | - | ₹77500 | സുമീറ ഇബ്രാഹിം<br>വെറ്റിനറി സർജൻ |
| ആകെ | ₹4092 | ₹77500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-20 | ₹50000 | ലിവിയ ലാൽജി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | ₹11000 | എം. വി അജയകുമാർ, സെക്രട്ടറി |
| 1-27 | ₹5000 | എം. വി അജയകുമാർ, സെക്രട്ടറി |
| ആകെ | ₹66000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | എം,വി അജയകുമാർ സെക്രട്ടറി | സർവീസിൽ നിന്നും വിരമിച്ചു | മേച്ചേരിൽ വീട് കൂത്താട്ടുകുളം പി.ഒ |
| 2 | ഡോ.സുമീറ ഇബ്രാഹിം വെറ്റിനറി സർജൻ | വെറ്റിനറി സർജൻ മൃഗാശുപത്രി ,ആയങ്കര | മംഗലശ്ശേരിൽ മുള്ളരിങ്ങാട് പി.ഒ തൊടുപുഴ 685607 |
| | ലിവിയ ലാർജ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | ഇടക്കാട്ടുകുടി ഹൗസ്, കോഴിപ്പിള്ളി പി.ഒ, കോതമംഗലം 686691 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Ii)/2018/ 22.9.2018 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Iii)/2018/ 22.9.2018 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Iv)/2018/ 22.9.2018 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(V)/2018/ 22.9.2018 (പദ്ധതി വിഹിതം ഒഴികെ ചെലവ്) |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Vi)/2018/ 22.9.2018 (പദ്ധതി വിഹിതം ) |

| | |
|---|---|
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Vii)/2018/ 22.9.2018 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Viii)/2018/ 22.9.2018 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Ix)/2018/ 22.9.2018 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(X)/2018/ 22.9.2018 |
| 2006-07 | എൽ.എഫ്.ഇ.(പി7)864/12/14.06.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7)865/12/14/06.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7)866/12/14.06.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7)867/12/14.06.2012 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി7)1613/13/11.09.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(പി7)616/15/12.06.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Xi)/2018/ 22.9.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) 2236/2016/02.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 1658/2017/10.10.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി7) 120/2019/15.02.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി7) 259/2020/12.03.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം (പി7)/1812/21 ,07.06.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം (പി7)/1813/21 ,07.06.2022 |
| 2021-22 | നം.കെ.എസ്.എ.-ഇ.കെ.എം(പി7)213/23 12/04/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 07-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Paingottoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Paingottoor Grama Panchayat for the year 2022-2023

Date: 08/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Paingottoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. During migration to accrual based double entry system from cash based single entry system, assets and liabilities were not accurately valued and updated and hence the value of assets and liabilities included in balance sheet is not accurate.

2 Lack of free and independent access to accounting and all other software which have direct

or indirect impact on financial reports and information.

3. Non- inclusion of notes to accounts in financial statements and non-disclosure of material

facts.

**2.Other Observations**

1) Lapses in making timely and accurate demand entries in respect of tax and non tax revenue

2) Cash flow statement-net increase/decrease in cash flow does not match with difference

between opening balance and closing balance of cash and cash equivalents.

3) Non-inclusion of value of closing stock

4) property tax registers does not match with financial statements

5) Demand registers does not match with financial statements

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്